₹ 5/-

# റിയൽ ലൈഫ് വോയ്സ്

## REAL LIFE VOICE

Monthly

Volume 10
Issue 5

**November 2021**

pages 24

"അത്യുന്നതനായ ദൈവം എങ്കൽ പ്രവർത്തിച്ച അടയാളങ്ങളും അത്ഭുതങ്ങളും പ്രസിദ്ധമാക്കുന്നത് നന്നെന്നു എനിക്കു തോന്നിയിരിക്കുന്നു. അവന്റെ അടയാളങ്ങൾ എത്ര വലിയവ! അവന്റെ അത്ഭുതങ്ങൾ എത്ര ശ്രേഷ്ഠമായവ! അവന്റെ രാജത്വം എന്നേക്കുമുള്ള രാജത്വവും അവന്റെ ആധിപത്യം തലമുറ തലമുറയായുള്ളതും ആകുന്നു"

**(ദാനിയേൽ 4:2,3)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

**Volume 10   Issue 5   November 2021   pages 24   Rs.5/**

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരി സംഖ്യയോ സംഭാവനയോ Google Pay ചെയ്യുകയോ, ബാങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയോ ചെയ്യാം. **ദയവായി മണിഓർഡർ അയയ്ക്കരുത്**

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394

**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**


**Book No. 119**

## ഉള്ളടക്കം


പേജ്

- ഒറ്റക്കണ്ണന്മാർ 3
- പ്രതികരണങ്ങൾ 6
- തൃശ്ശൂരിലെ താരപ്പെട്ടൻ (15) 8
- സദുപയോഗവും ദുരുപയോഗവും (1) 12
- പുതിയനിയമത്തിലൂടെ....(23) 14
- യോവേൽ (27) 17
- ഖുർആൻ (1) 20
- .... ദുരന്തക്കാഴ്ചകൾ (59) 22
- വിസർജ്യചികിത്സ 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

# എഡിറ്റോറിയൽ



## ഒറ്റക്കണ്ണന്മാർ!

കഴിഞ്ഞ 20 വർഷമായി ഇടതുപ്രസ്ഥാനത്തിന്റെ ഭാഗമായി സജീവമായ നിലയിൽ പ്രവർത്തിച്ച ചെറിയാൻ ഫിലിപ്പ്, സിപിഎം ചട്ടക്കൂടിൽനിന്നു പുറത്തുവന്നു പ്രതികരിച്ചു തുടങ്ങി എന്ന വാർത്ത 2021 ഒക്ടോബർ 22 ലെ പത്രങ്ങളിൽ ഉണ്ടായിരുന്നു. ചെറിയാൻ ഫിലിപ്പ് സിപിഎം ബന്ധം അവസാനിപ്പിച്ചതല്ല ഞാൻ ഇവിടെ ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നത്. അത് അദ്ദേഹത്തിന്റെ വ്യക്തിപരമായ കാര്യം. എന്നാൽ അതോടുള്ള ബന്ധത്തിൽ അദ്ദേഹം പറഞ്ഞ ചില കാര്യങ്ങൾ വളരെ ശ്രദ്ധാർഹമാണ്. താൻ തുടങ്ങാൻ പോകുന്ന ഒരു യുട്യൂബ് ചാനലിനെക്കുറിച്ച് അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്:

> *ചാനൽനയം സ്വതന്ത്രമായിരിക്കും. രാഷ്ട്രീയനിലപാട് പ്രശ്നാധിഷ്ഠിതവും. വസ്തുതകൾ നേരോടെ തുറന്നു കാട്ടും. ഒരിക്കലും ഒറ്റക്കണ്ണനാകില്ല. രണ്ടു കണ്ണും തുറക്കും.*

കഴിഞ്ഞ ഇരുപതു വർഷം താൻ ഒറ്റക്കണ്ണനായിരുന്നു എന്നൊരു കുറ്റസമ്മതം ചെറിയാൻഫിലിപ്പിന്റെ ഈ വാക്കുകളിൽ നമുക്കു കാണാൻ കഴിയും. വാസ്തവത്തിൽ ചെറിയാൻഫിലിപ്പ് മാത്രമല്ല ഇത്തരത്തിൽ ഒറ്റക്കണ്ണനായിത്തീർന്നിട്ടുള്ളത്. ഓരോ രാഷ്ട്രീയപാർട്ടിയിലും അടിയുറച്ചു വിശ്വസിക്കുന്ന പലരും തങ്ങളുടെ പാർട്ടിയെ ഒറ്റക്കണ്ണോടെ മാത്രം കാണുകയും, തങ്ങളുടെ പാർട്ടി ചെയ്യുന്ന ഏതൊരു കൊള്ളരുതായ്മയേയും ന്യായീകരിക്കുകയും ചെയ്യുന്നു.

നാം രണ്ടുകണ്ണും തുറന്ന് കാര്യങ്ങളെ കാണണം. നാം ഏത് രാഷ്ട്രീയപാർട്ടിയിൽ വിശ്വസിച്ചാലും, ആ പാർട്ടി ചെയ്യുന്ന നല്ല കാര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം, അവർ ചെയ്യുന്ന തെമ്മാടിത്തരങ്ങളെ വിമർശിക്കുകയും വേണം. പെട്രോളിന്റെയും ഡീസലിന്റെയും വില കുതിച്ചുയർന്നിരിക്കയാണ്. പക്ഷേ അതിൽ ബിജെപിക്കാർക്കു മാത്രം പ്രതിഷേധമില്ല! ഒറ്റക്കണ്ണോടെ കാര്യങ്ങൾ കാണുന്നതുകൊണ്ടു മാത്രമാണത്.

വിശ്വാസികളിലും ഇതുപോലെ ഒറ്റക്കണ്ണന്മാരുണ്ട്. തങ്ങൾ ഏതു സഭയുടെ ഭാഗമായിരിക്കുന്നുവോ, ആ സഭയുടെ സകല ദുരുപദേശങ്ങളെയും ന്യായീകരിക്കാൻ താത്പര്യം കാട്ടുന്നവരാണ് ഈ ഒറ്റക്കണ്ണന്മാർ. വിഗ്രഹാരാധനയെ ബൈബിൾ ആദിയോടന്തം എതിർത്തിട്ടും, ക്രിസ്ത്യാനികൾ വിഗ്രഹങ്ങൾ കൊണ്ടുനടക്കുന്നു! ബൈബിളിലെ അത്ഭുതരോഗശാന്തിയാണെന്നും പറഞ്ഞ്, ബൈബിളുമായി യാതൊരു ബന്ധവുമില്ലാത്ത വിധം രോഗശാന്തി നടത്തി പണം സമ്പാദിക്കുന്ന ദൈവദാസന്മാർ! ഒറ്റക്കണ്ണന്മാരായ വിശ്വാസികൾക്ക് ഇതിന്റെ പിന്നിലെ കള്ളത്തരവും തട്ടിപ്പും മനസ്സിലാകുന്നുമില്ല.

വല്ലവനും ഛർദ്ദിച്ച ഇസങ്ങൾ കോരി നടക്കുന്നവരാണ് മറ്റു ചിലർ. കാൽവിനിസം, അർമേനിയനിസം തുടങ്ങിയ ഇസങ്ങൾ... ബൈബിളിലുള്ള കാര്യങ്ങൾ വ്യക്തമായ തെളിവുകളോടെ നമുക്കു അവതരിപ്പിക്കാം. അത് ഓരോരുത്തരുടെ പേരിലുള്ള ഇസങ്ങളായി നാം അവതരിപ്പിക്കേണ്ടതുണ്ടോ? അവരാരും പൂർണ്ണരായിരുന്നില്ല. നിരവധി ക്രിസ്ത്യാനികളുടെ ഹൃദയത്തിൽ പൂജാബിംബം കണക്കെ നിലകൊള്ളുന്ന ജോൺകാൽവിനും, ജെഎൻ ഡാർബിയുമെല്ലാം ശിശുസ്നാനത്തിൽ വിശ്വസിക്കുന്നവരായിരുന്നു. മാർട്ടിൻലൂഥർ, കർത്തൃമേശയുടെ അപ്പത്തിൽ ക്രിസ്തുവിന്റെ ശരീരത്തിന്റെ സാന്നിധ്യം ഉണ്ട് എന്നു പഠിപ്പിച്ചയാളാണ്.

ഇവരൊക്കെ ദൈവകരങ്ങളിൽ പല നിലകളിൽ പ്രയോജനപ്പെട്ടിട്ടുള്ളവരാണ് എന്നത് വാസ്തവമാണ്. സമ്മതിക്കുന്നു. പക്ഷേ അപൂർണ്ണരായ അവരുടെ പേരിൽ ഉപദേശങ്ങൾ രൂപംകൊള്ളുന്നത് ഒരിക്കലും ശരിയല്ല. ഇവരുടെ പേരിൽ ദൈവമക്കൾ ചേരിതിരിഞ്ഞ് വാക്‌യുദ്ധം, വാട്സാപ്‌യുദ്ധം, വചനയുദ്ധം, പുസ്തകപ്രസിദ്ധീകരണയുദ്ധം ഇതൊന്നും നടത്തേണ്ട കാര്യമില്ല. ഇത്തരം യുദ്ധങ്ങളിൽ ഏർപ്പെടുന്നവർ വെറും ഒറ്റക്കണ്ണന്മാരാണ് എന്നു തെളിയിക്കുകയാണ് ചെയ്യുന്നത്. എതിർവിഭാഗം പറയുന്ന കാര്യങ്ങൾ ഇവർക്കു മനസ്സിലാകുന്നില്ല.

മദ്യം ഇഷ്ടപ്പെടുന്ന ഒറ്റക്കണ്ണന്മാർ മദ്യത്തെ ന്യായീകരിക്കാൻ തെളിവുകൾ കണ്ടെത്തുന്നു. വ്യഭിചാരം ഇഷ്ടപ്പെടുന്ന ഒറ്റക്കണ്ണന്മാർ വ്യഭിചാരത്തെ ന്യായീകരിക്കുന്നു. വിധിന്യായം പുറപ്പെടുവിക്കുന്ന ജഡ്ജിമാരായി ചില ഒറ്റക്കണ്ണന്മാർ വരുമ്പോൾ, പല അനീതികളും അംഗീകരിക്കപ്പെടുന്നു. ബൈബിൾ തെറ്റെന്നു പറഞ്ഞ വ്യഭിചാരം, ഹോമോസെക്സ് എന്നിവ ശരിയാണെന്നു കോടതികൾ വിധിച്ചതും, വിവാഹം കൂടാതെ ഒരുമിച്ചു പാർക്കാം എന്നു കോടതികൾ ഉത്തരവു പുറപ്പെടുവിച്ചതുമെല്ലാം രണ്ടും കണ്ണും തുറന്ന് കാര്യങ്ങൾ കണ്ടുകൊണ്ടാണോ എന്നു സംശയമുണ്ട്.

പ്രിയരേ, നമുക്കു ദൈവത്തെയല്ലാതെ മറ്റാരേയും സ്തുതിച്ചുകൊണ്ട് നടക്കുവാൻ ആവശ്യമില്ല. നമ്മുടെ രാഷ്ട്രീയനിലപാടുകൾ സ്വതന്ത്രമായിരിക്കട്ടെ. നമ്മുടെ വിശ്വാസനിലപാടുകൾ രണ്ടുകണ്ണും തുറന്നുള്ളതായിരിക്കട്ടെ. ഏതെങ്കിലും ഒരു ചട്ടക്കൂടിന്റെ ഉള്ളിൽ സ്വയം ഒതുങ്ങിനിന്ന് കാര്യങ്ങളെ വീക്ഷിക്കാതെ സ്വതന്ത്രമായും വ്യക്തമായ തെളിവുകളുടെ സഹായത്തോടെയും ഏതെങ്കിലും കാര്യങ്ങളെക്കുറിച്ച് അഭിപ്രായം പറഞ്ഞുശീലിക്കുക.

ചില മാതാപിതാക്കൾ തങ്ങളുടെ മക്കളുടെ കാര്യത്തിൽ ഒറ്റക്കണ്ണന്മാരാണ്. അവർ ചെയ്യുന്ന തെറ്റുകളെ മനഃപൂർവ്വം കാണാതിരിക്കുക, ഇനി കണ്ടാൽ തന്നെ അതു മൂടിവയ്ക്കുക, തങ്ങളുടെ മക്കളുടെ തെറ്റുകളെ ന്യായീകരിക്കുക... ഇവർ മറ്റുള്ളവരുടെ മക്കളുടെ തെറ്റുകൾ രണ്ടു കണ്ണും തുറന്നു കാണും. സ്വന്തം മക്കളുടെ തെറ്റുകൾ പക്ഷേ കാണുകയുമില്ല! ഫലമോ? വഴിപിഴച്ച, കുടുംബത്തിനോ സമൂഹത്തിനോ സഭയ്ക്കോ യാതൊരു പ്രയോജനവുമില്ലാത്ത, ഒരു തലമുറ അതിവേഗം വ്യാപിച്ചുവരുന്നു.

ഹന്നാ 'ലഹരി പിടിച്ചിരിക്കുന്നത്' കണ്ട ഏലിക്ക് (1 ശമുവേൽ 1:13 –14), സ്വന്തം മക്കളുടെ ദുഷ്ടത കാണാൻ കഴിഞ്ഞില്ല (2:22). ദരിദ്രന്റെ കുഞ്ഞാടിനെ പിടിച്ചു കറിവച്ച ധനവാന്റെ തെറ്റിനെ കാണാൻ ദാവീദിനു കഴിഞ്ഞുവെങ്കിലും (2 ശമൂവേൽ 12:4 –5), ബേത്ശേബയെ സ്വന്തമാക്കിയതിലൂടെ താൻ ചെയ്ത തെറ്റ് കാണാൻ കഴിഞ്ഞില്ല. ഒറ്റക്കണ്ണന്മാർ! ചിലരുടെ തെറ്റിനെ മാത്രം കാണുന്നവർ! തങ്ങൾക്കു പ്രിയമുള്ളവരുടെ തെറ്റുകളെ കാണാതവണ്ണം ഒരു കണ്ണ് അടച്ചുപിടിച്ചുകൊണ്ട് ഇവരെല്ലാം ചരിത്രത്തിന്റെ താളുകളിൽ എന്നും വിമർശനങ്ങൾ ഏറ്റുവാങ്ങുന്ന കഥാപാത്രങ്ങളായി അവശേഷിക്കുകയാണ്.

നാം ആരുടെയും അടിമയാകരുത്. ഒന്നിന്റെയും അടിമയാകരുത്. ഒരു ഇസത്തിന്റെയും പുറകെ പോകരുത്. ഒരു രാഷ്ട്രീയപാർട്ടിയെയും അന്ധമായി പിന്താങ്ങി സംസാരിക്കരുത്. ഇവരാരുമല്ല നമുക്കുവേണ്ടി പ്രാണനെ വെടിഞ്ഞത്. ഇവരാരുമല്ല നമുക്കുവേണ്ടി ഇന്ന് സ്വർഗ്ഗത്തിൽ ജീവിക്കുന്നത്. ആരുടെയും തെറ്റിനെ നാം ന്യായീകരിക്കരുത്. മറ്റുള്ളവരുടെ തെറ്റുകളെയും ശരികളെയും രണ്ടു കണ്ണും തുറന്നു കാണുക. സ്വതന്ത്രരാവുക, നിഷ്പക്ഷരാവുക. സത്യത്തെ സ്നേഹിക്കുന്നവരാവുക. ഒറ്റക്കണ്ണന്മാരെക്കൊണ്ട് നിറഞ്ഞിരിക്കുന്ന ഈ ദുഷ്ടലോകത്തിൽ, രണ്ടു കണ്ണും തുറന്നു ജീവിക്കാൻ നമുക്ക് ഇടയാകട്ടെ. എന്തുകൊണ്ടെന്നാൽ നമ്മുടെ ദൈവം എല്ലാം നിഷ്പക്ഷമായി നോക്കിക്കാണുന്ന നീതിമാനായ ദൈവമാണ്.

**(എംവിഎസ്)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം**
**ഫോൺ: 95 44 557 557**

## P James Samuel, Kallissery, Alappuzha

കാൽവിനിസത്തെ ന്യായീകരിക്കുന്നവരോട് എന്നൊരു ലേഖനം 2021 ഓഗസ്റ്റ് ലക്കം റിയൽ ലൈഫ് വോയ്സ് മാസികയിൽ കണ്ടു. അതു വായിച്ചപ്പോൾ തന്നെ ലേഖകനായ എം.വി. സെബാസ്റ്റ്യൻ ആ വിഷയത്തിൽ തീരെ പ്രാവീണ്യമില്ലാത്ത ആൾ ആണെന്നു മനസ്സിലായി. **(എഡിറ്റർ: ഞാൻ ഒരു വിഷയത്തിലും പ്രാവീണ്യമുള്ള ആളല്ല. എനിക്കു മനസ്സിലായതു മറ്റുള്ളവരുമായി പങ്കുവയ്ക്കാനും അവർക്കു പറയാനുള്ളത് ശരിയാണോ എന്നു പരിശോധിക്കാനും തയ്യാറുള്ള ഒരു സാധാരണ വ്യക്തിയാണ് ഞാൻ)**

എന്താണ് കാൽവിനിസം? അങ്ങനെയൊരു ഇസമുണ്ടോ? **(എഡിറ്റർ: കാൽവനിനിസം ഉള്ളതുകൊണ്ടാണല്ലോ ഇങ്ങനെയൊരു ചർച്ചയും സംവാദവും എല്ലാം ആവശ്യമായി വന്നത്)**

കാൽവിനിസം ഉണ്ടെങ്കിൽ അർമീനിയനിസവം ഇല്ലേ? എന്തേ ഒരു വാക്കുപോലും അർമീനിയസിനെക്കുറിച്ച് നിങ്ങളാരും പറയാത്തത്? **(എഡിറ്റർ: കുമാരനാശാന്റെ കവിതകളെക്കുറിച്ചുള്ള സംവാദത്തിൽ ഉള്ളൂരിന്റെ കവിതകളെക്കുറിച്ചു ചർച്ച ചെയ്യണമെന്നു യാതൊരു നിർബന്ധവുമില്ലല്ലോ. അർമീനിയനിസമല്ല, കാൽവിനിസമാണ് ഇവിടെ ചർച്ചാവിഷയമായത്)**

കാൽവിൻ പറഞ്ഞതെല്ലാം ദൈവവചനം ആയിരുന്നെന്നോ അതിനനുസരിച്ചാണ് ഞങ്ങൾ ജീവിക്കുന്നതെന്നോ ആരെങ്കിലും പറഞ്ഞുവോ? പറയുമോ? **(എഡിറ്റർ: എനിക്കു അറിഞ്ഞുകൂടാ)**

കാൽവിനു മുമ്പ് തന്നെ കാൽവിൻ പറഞ്ഞ ആശയങ്ങൾ ലൂഥർ, വൈറ്റ് ഫീൽഡ്, അഗസ്റ്റസ് എന്നിവർ പറഞ്ഞു. എന്താണ് അവരുടെയൊക്കെ പേരിൽ ഇസങ്ങൾ പറയാത്തത്? **(എഡിറ്റർ: ഓരോരോ ഇസങ്ങൾ ഉണ്ടാക്കുന്നവരോടു പോയി ദയവായി ചോദിക്കൂ)**

സെർവറ്റസിന്റെ മരണം ആ രാജ്യത്തെ നിയമപ്രകാരം നടന്നു എന്ന കാര്യം ചരിത്രം പഠിച്ചാൽ മനസ്സിലാകും. അതിൽ ഒരു പങ്കു കാൽവിനും കാണും. **(എഡിറ്റർ: ഈ തുറന്നുപറച്ചിലിനു വളരെ നന്ദിയുണ്ട്. എങ്കിലും അതിലൊരു പങ്ക് കാൽവിനും കാണും എന്നതിനു പകരം <u>അതിലൊരു പങ്ക്</u>**

**കാൽവിനുണ്ട് എന്നു പറയാനുള്ള വകയൊന്നും അങ്ങയുടെ ചരിത്രപഠനത്തിൽനിന്നും ലഭിച്ചില്ലേ?)**

കാൽവിന്റെ ശിശുസ്നാനത്തെ അംഗീകരിക്കാത്തവരെ നിങ്ങൾ എങ്ങനെയാണ് കാൽവിനിസ്റ്റുകൾ എന്നു വിളിക്കുന്നത്? **(എഡിറ്റർ: സ്വയം കാൽവിനിസ്റ്റുകൾ എന്നു അവകാശപ്പെടുന്നവരുണ്ട്. കാൽവിനുവേണ്ടി വാദിക്കുന്നവരെ കാൽവിനിസ്റ്റുകൾ എന്നു വിളിക്കാം. ശിശുസ്നാനത്തെ അംഗീകരിക്കാത്ത കാൽവിന്റെ പേരിൽ ഉപദേശങ്ങൾ നെയ്യുന്നവരും അതിനു വേണ്ടി വാദിക്കാൻ നടക്കുന്നവരോടുമാണ് ഈ ചോദ്യം ചോദിക്കേണ്ടത്.)**

ദൈവം കുറെ പേരെ മുൻനിർണ്ണയിച്ചു, തെരഞ്ഞെടുത്തു, രക്ഷിച്ചു, നരകത്തിൽ ഇടാൻ മുൻനിർണ്ണയിച്ചു എന്നെല്ലാം പറയുന്നത് ബാലിശവും ചാപല്യവുമാണ്. **(എഡിറ്റർ: ഞാൻ ഇതിനോടു യോജിക്കുന്നു.)**

സർവജ്ഞാനിയായ ദൈവം ലോകസ്ഥാപനത്തിനു മുമ്പേ സകലവും അറിഞ്ഞിരിക്കുന്നു. ഒരാൾ വിശ്വസിക്കുമോ ഇല്ലയോ എന്നതും ദൈവത്തിനു മുന്നമേ അറിയാം എന്നതിനു തർക്കമുണ്ടോ? **(എഡിറ്റർ: ഇല്ല, എനിക്കു തർക്കമില്ല.)**

രക്ഷ എന്നത് ഒരു താത്കാലിക പ്രവൃത്തി ആണെന്നു വചനം എങ്ങും പഠിപ്പിക്കുന്നില്ല. ദൈവം നൽകിയത് നിത്യരക്ഷ ആണ്. **(എഡിറ്റർ: ഞാനും അങ്ങനെ വിശ്വസിക്കുന്നു)**

## Paul K Ramakrishnan, Pallickal, Alappuzha

എനിക്ക് മാസികയിലെ ചില കാര്യങ്ങളിൽ ഭിന്നാഭിപ്രായമുണ്ട്. ഞാൻ തികഞ്ഞ കാൽവിനിസ്റ്റ് ആണ്. അതുപോലെ ഉത്പത്തിപ്പുസ്തകത്തിലെ ഗ്യാപ് തിയറിയിലും ഭിന്നാഭിപ്രായമുണ്ട്. എങ്കിലും എനിക്ക് മാസിക ഇഷ്ടമാണ്. അതിലെ എഴുത്തിന്റെ ശൈലി, അവതരണം ഇതെല്ലാം വളരെ ഇഷ്ടമാണ്. സ്റ്റഡി ചെയ്ത് ധൈര്യത്തോടെ എഴുതുന്നു. പുതിയനിയമത്തിലൂടെയുള്ള യാത്ര നല്ലൊരു പഠനമാണ്. എഡിറ്റോറിയൽ സാന്ദർഭികവും മനോഹരവുമാണ്. ഞാൻ വചനം പറയുമ്പോൾ ചിലപ്പോഴൊക്കെ ഈ മാസികയിലെ കാര്യങ്ങൾ പറയാറുണ്ട്. *റിയൽ ലൈഫ് വോയ്സും, ജീവദ്ധ്വനി*യും ഞാൻ ഒരു പോലെ മനസ്സിരുത്തി വായിക്കാറുണ്ട്. പാമ്പിനെക്കുറിച്ചും നായെക്കുറിച്ചും നടത്തിയ പഠനങ്ങൾ വളരെ നന്നായിരുന്നു.

## John Sebastian, Puthuppally, Kottayam

ഒക്ടോബർലക്കത്തിലെ എഡിറ്റോറിയൽ എനിക്കിഷ്ടപ്പെട്ടു. പക്ഷേ അതിലെ 3,4 പേജുകളിൽ ചില ഭാഗം കീറിപ്പോയിരുന്നു. അതുകൊണ്ട് എനിക്ക് അത് വാട്സാപിൽ അയച്ചുതരുമല്ലോ. ദൈവം താങ്കളുടെ ശുശ്രൂഷയെ അനുഗ്രഹിക്കട്ടെ.

# തൃശ്ശൂരിലെ താരപ്പേട്ടൻ

## അഥവാ, സി.വി.താരപ്പൻ

**-എംവിഎസ്-**

15



### ഗാനങ്ങൾ

സി. വി. താരപ്പൻസഹോദരന്റെ ഹൃത്തടത്തിൽ പൊട്ടിമുളച്ച്, തൂലികയിലൂടെ കടലാസിൽ പകർന്ന്, ക്രൈസ്തവരുടെ അകതാരിലൂടെ ഒഴുകിയത് ഏകദേശം 300 ഗാനങ്ങൾ! സമകാലീനനും സുഹൃത്തും ആയിരുന്ന മഹാകവി കെ.വി. സൈമൺ സാറും അത്രയും ഗാനങ്ങൾ എഴുതിയിട്ടുണ്ട്. ഉള്ളൂർ, വള്ളത്തോൾ എന്നിങ്ങനെയുള്ള മഹാകവികളുടെവരെ മുക്തകണ്ഠമുള്ള പ്രശംസ ഏറ്റുവാങ്ങിയിട്ടുള്ള കവിയാണ് കെ.വി. സൈമൺസാർ. അദ്ദേഹം ബഹുഭാഷാപണ്ഡിതനുമായിരുന്നു.

താരപ്പൻസഹോദരനാകട്ടെ ഔപചാരിക വിദ്യാഭ്യാസം ഇല്ലാത്ത വ്യക്തിയായിരുന്നു. എന്നിട്ടും അദ്ദേഹത്തിന്റെ തൂലികയിൽനിന്നും ഏകദേശം 300 ഗാനങ്ങൾ പിറന്നുവീണു! ഒരു കാലത്ത് നിരവധി ക്രിസ്ത്യാനികളുടെ അധരങ്ങളിൽ നിന്നു പിന്മാറാൻ മടിച്ച ഗാനങ്ങളാണവ! പക്ഷേ, പ്രശസ്തിയുടെ പടവുകൾക്ക് നേരെ എന്നും പുറംതിരിഞ്ഞു നിന്ന താരപ്പൻസഹോദരന്റെ പാട്ടുകളും പ്രശസ്തി നേടാതെ ഇന്ന് ഏറെക്കുറെ ജനഹൃദയങ്ങളിൽനിന്നും മാഞ്ഞുകഴിഞ്ഞു! ഇന്ന് നിലവിലുള്ള, വിരലിൽ എണ്ണാവുന്ന 'താരപ്പൻസഭ'ക്കാരുടെ യോഗങ്ങളിൽ മാത്രം ആ പാട്ടുകൾ ഒതുങ്ങിപ്പോയി.

എന്നിട്ടും, ഇക്കാലത്ത്, എല്ലാ അതിർത്തിവരമ്പുകളും ഭേദിച്ച് താരപ്പേട്ടന്റെ ഒരു ഗാനം ക്രൈസ്തവകൈരളിയുടെ വിരിമാറിലൂടെ പരന്നൊഴുകി! *കാഹളനാദം കേൾക്കാറായ്, കുഞ്ഞാട്ടിൻ കാന്തേ...* എന്ന ഗാനമാണത്. ഏകദേശം 100 വർഷം മുമ്പ് രചിച്ച ആ ഗാനം, രണ്ടു വർഷം മുമ്പ് സാബു ലൂവീസ് എന്ന അനുഗൃഹിതഗായകൻ പാടി യൂട്യൂബിൽ പോസ്റ്റ് ചെയ്തപ്പോൾ, അത് ഏകദേശം പത്ത് ലക്ഷത്തോളം ആളുകളാണ് ശ്രവിച്ചത്!

### സീയോൻസംഗീതങ്ങൾ

താരപ്പൻസഹോദരന്റെ പാട്ടുകൾ അടങ്ങിയ പാട്ടുപുസ്തകം *സീയോൻസംഗീതങ്ങൾ* എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സുവിശേഷ കൂടാരം എന്നറിയപ്പെടുന്ന ക്രിസ്തീയസഭയുടെ പേരിൽ ശ്രീ. കെ. ഒ. ചേറു ആണ് അത് പ്രസിദ്ധീകരിച്ചിട്ടുള്ളത്. കൊല്ലവർഷം 1100, 1102, 1108, 1121, 1140 എന്നീ വർഷങ്ങളിലായി അഞ്ചു പതിപ്പുകളാണ് ഇറങ്ങിയത്. ഇംഗ്ലീഷ് കലണ്ടർ പ്രകാരം 1924, 1926, 1933, 1945, 1965 എന്നീ വർഷങ്ങളാണ്. ഇതിൽ നാലു പതിപ്പുകളും താരപ്പൻസഹോദരന്റെ ജീവിതകാലത്താണ് ഇറങ്ങിയത്. അഞ്ചാമത്തെ പതിപ്പാകട്ടെ അദ്ദേഹത്തിന്റെ മരണശേഷവും.

സീയോൻസംഗീതങ്ങൾ എന്ന പാട്ടുപുസ്തകത്തിൽ പാട്ടുകളെ പല ശീർഷകങ്ങളായി തരംതിരിച്ചിട്ടുണ്ട്. വന്ദനഗീതങ്ങൾ, ആശ്വാസഗീതങ്ങൾ, ആരാധനാഗീതങ്ങൾ. പ്രത്യാശാഗാനങ്ങൾ, പ്രഭാതഗീതങ്ങൾ, ബാലർഗീതങ്ങൾ എന്നിങ്ങനെ 20 വിഷയങ്ങളായി തരംതിരിച്ചിരിക്കുന്നു. ഇന്ന് ഇറങ്ങുന്ന *ആത്മീയഗീതങ്ങൾ*, *സീയോൻഗീതാവലി* എന്നു തുടങ്ങി വിവിധ സഭക്കാരുടെ പാട്ടുപുസ്തകങ്ങളിലെല്ലാം ഇത്തരം തലക്കെട്ടുകളായി വിഭജിച്ചാണ് കൊടുത്തിരിക്കുന്നത്. പക്ഷേ ഈ നിലയിൽ പല വിഷയങ്ങളായി വിഭജിച്ച് പ്രസിദ്ധീകരിക്കപ്പെട്ട ആദ്യത്തെ പാട്ടുപുസ്തകമാണ് താരപ്പൻസഹോദരന്റെ *സീയോൻസംഗീതങ്ങൾ*!

### കാഹളനാദം കേൾക്കാറായ്, കുഞ്ഞാട്ടിൻ കാന്തേ...

താരപ്പൻസഹോദരന്റെ ഈ ഗാനത്തിന്റെ പിതൃത്വം അവകാശപ്പെട്ട് കുറെ എട്ടുകാലി മമ്മൂഞ്ഞുകൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അത് എഴുതിയത് ഞാനാണ് എന്നു പറഞ്ഞ് വന്ന കുറെ 'ദൈവദാസന്മാർ'! *(എട്ടുകാലി മമ്മൂഞ്ഞ് എന്നത് വൈക്കം മുഹമ്മദ് ബഷീറിന്റെ ഒരു കഥാപാത്രമാണ്. എവിടെയെങ്കിലും ഒരു സ്ത്രീ ഗർഭിണിയാണ് എന്നറിഞ്ഞാൽ 'അത് ഞമ്മളാണ്' എന്നു എട്ടുകാലി മമ്മൂഞ്ഞ് അവകാശപ്പെടുമായിരുന്നു.)* പ്രശസ്തനാവാൻ ആഗ്രഹിക്കാതിരിക്കുകയും അതുകൊണ്ടുതന്നെ പ്രശസ്തനാവാതെ പോവുകയും ചെയ്ത താരപ്പൻസഹോദരന്റെ ഈ സൂപ്പർഹിറ്റ് ഗാനത്തിന്റെ പിതൃത്വം അവകാശപ്പെട്ടാൽ ആരും അത് തിരിച്ചറിയാതെ പോകും എന്നു അവർ കരുതിക്കാണും.

### ആ ഗാനം എഴുതാൻ ഇടയായ സാഹചര്യം

കുഞ്ഞീറ്റി എന്ന യുവതി സുവിശേഷം കേട്ട് വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്തു. കുഞ്ഞീറ്റി സ്നാനമേറ്റ കാര്യം അറിഞ്ഞപ്പോൾ അവളുടെ പിതാവ് രോഷം കൊണ്ട് വിറപൂണ്ടു. അവളുടെ രണ്ടു കാലുകളും

ആമത്തിൽ ഇട്ടു പൂട്ടി. *(ആമം = കയ്യോ കാലോ ഉള്ളിൽ കടത്തി പൂട്ടിയിട ത്തക്കവണ്ണം തടിയിൽ ദ്വാരങ്ങൾ ഇട്ടു ഉണ്ടാക്കുന്ന ഒരു ഉപകരണം).* അവളെ മുറിയിൽ അടച്ചുപൂട്ടി. കൈകൾ ജനലിന്റെ അഴികളിൽ ചേർത്തു കെട്ടി.

ഈ പശ്ചാത്തലത്തിൽ പിറവിയെടുത്തതാണ് *കാഹളനാദം കേൾക്കാ റായ്, കുഞ്ഞാട്ടിൻ കാന്തേ...* എന്ന ഗാനം. അതിലെ വരികൾ നോക്കുക:

ബന്ധനമോ പലചങ്ങലയോ ഉണ്ടാകാം ഭൂവിൽ
അതിലൊരുനാളും തളരാതെ പാർത്താലതു ഭാഗ്യം

അരികളെതിർത്തതിനാലേറ്റം ക്ഷീണിച്ചോ പ്രാവേ
വിരുതുജയിച്ചവരന്നാളിൽ ചൂടും പൊന്മുടിയെ

ക്രൂരജനത്തിൻ നടുവിൽ നീ പാർക്കുന്നോ പ്രാവേ
ദൂതഗണങ്ങളൊരുനാളിൽ മോദിക്കും നിന്നിൽ

ദുഷികളസംഖ്യം കേട്ടാലും ദുഃഖിച്ചീടരുതേ
പ്രതിഫലമെല്ലാം പ്രിയകാന്തൻ നൽകീടും വേഗം

### പിന്നീട് സംഭവിച്ചത്...

കുഞ്ഞീറ്റിയുടെ വിശ്വാസത്തെ തകർക്കാൻ ആ ബന്ധനങ്ങൾക്കായില്ല. ഇങ്ങനെത്തന്നെ പോകാനാണ് ഉദ്ദേശ്യമെങ്കിൽ ഈ വീട്ടിൽ തുടരാനാവില്ല എന്ന പിതാവിന്റെ അന്ത്യശാസനത്തിന്റെ മുമ്പിലും ആ യുവസഹോദരി പതറിയില്ല. അവൾ വീടു വിട്ടിറങ്ങി. അവൾക്ക് എങ്ങനെ സംരക്ഷണം കൊടു ക്കും എന്നു ആലോചിച്ചപ്പോൾ, ദൈവം താരപ്പൻസഹോദരനു കാണിച്ചു കൊടുത്ത ഒരു മാർഗ്ഗമാണ് വനിതാശ്രമം എന്ന ആശയം. അദ്ദേഹത്തിന്റെ വീടിനോടു ചേർന്നുള്ള ഭാഗം അദ്ദേഹം വനിതാശ്രമം ആക്കി. അവിടെ കുഞ്ഞീറ്റിസഹോദരിയെ പാർപ്പിച്ചു. വനിതാശ്രമം എന്ന ആശയം അതു വരെ ടിപിഎം, സിഎസ്ഐ എന്നു തുടങ്ങി ആരിലും അക്കാലത്ത് ഉണ്ടാ യിരുന്നില്ല എന്നത് നാം പ്രത്യേകം ഓർക്കേണ്ടതാണ്.

കുഞ്ഞീറ്റി ജീവിതാന്ത്യം വരെ അവിവാഹിതയായി അവിടെ പാർത്തു. താരപ്പൻസഹോദരന്റെ ഇളയ പെങ്ങൾ എളച്ചാർടീച്ചറും ആ വനിതാശ്രമ ത്തിൽ ഉണ്ടായിരുന്നു. കൂടാതെ മറ്റു ചില സഹോദരിമാരും. അവരെല്ലാം അവിവാഹിതരായിരുന്നു. നെയ്ത്ത്, നെല്ല് പുഴുങ്ങി, കുത്തി അരിയാക്കി കൊടുക്കുക, ആടിനെ മേയ്ക്കുക എന്നീ മാർഗ്ഗങ്ങളിലൂടെ അവർ ഉപജീവ നത്തിനുള്ള വക കണ്ടെത്തുകയും ചെയ്തു.

ചുരുക്കിപ്പറഞ്ഞാൽ, കുഞ്ഞീറ്റിയുടെ ബന്ധനങ്ങൾ *കാഹളനാദം കേൾക്കാറായ് കുഞ്ഞാട്ടിൻ കാന്തേ...* എന്ന അതിമനോഹരമായ ഗാനം രചി ക്കുന്നതിനും, വനിതാശ്രമം സ്ഥാപിക്കുന്നതിനും കാരണമായി. **(തുടരും)**

# പ്രത്യേക അറിയിപ്പ്

എന്റെ കമ്പ്യൂട്ടറിന്റെ ഹാർഡ് ഡിസ്ക് കേടാവുകയും അതിലെ മുഴുവൻ ഡാറ്റയും നഷ്ടപ്പെടുകയും ചെയ്തു. അഡ്രസ് ലിസ്റ്റ് ഉൾപ്പെടെ എല്ലാം നഷ്ടപ്പെട്ടു. പെൻ ഡ്രൈവിൽ ഒരു വർഷം മുമ്പുള്ള അഡ്രസ് ലിസ്റ്റ് ഉണ്ടായിരുന്നതുകൊണ്ട്, ആ അഡ്രസ് ലിസ്റ്റ് വച്ചാണ് ഈ ലക്കം മുതൽ മാസിക അയയ്ക്കുന്നത്.

അതുകൊണ്ട് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പുതുതായി ചേർന്ന വായനക്കാർക്ക് മാസിക ലഭിക്കാതെ പോകും. പുതിയ അഡ്രസ് ലിസ്റ്റ് നഷ്ടപ്പെട്ടതാണ് കാരണം. അവർ എങ്ങനെയെങ്കിലും ഇക്കാര്യം അറിഞ്ഞാലുടനെ, അവരുടെ പേരും അഡ്രസ്സും എനിക്കു വാട്സാപ് ചെയ്യണമെന്നു അഭ്യർത്ഥിക്കുന്നു.

ചിലർ അഡ്രസിലെ മാറ്റം അറിയിച്ചവരുണ്ട്. പക്ഷേ അവർക്ക് പഴയ അഡ്രസ്സിലായിരിക്കും ഈ മാസിക ലഭിക്കുന്നത്. ദയവു ചെയ്ത് എന്നോടു ക്ഷമിക്കുക. പുതിയ വിലാസം ഒന്നുകൂടി എനിക്കു വാട്സാപ് ചെയ്യുമല്ലോ.

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മാസികയിലെ ആശയങ്ങളോടുള്ള വിയോജിപ്പു നിമിത്തം മാസിക ഇനി മേലാൽ അയയ്ക്കേണ്ട എന്നു ആവശ്യപ്പെട്ട രണ്ടു മൂന്നു പേരുണ്ട്. നിർഭാഗ്യവശാൽ അവർക്കും ഈ മാസിക ലഭിക്കും. ദയവായി കോപിക്കരുതേ. എന്നെ ഒരിക്കൽക്കൂടി അത് അറിയിക്കുക. ഞാൻ നിങ്ങളുടെ അഡ്രസ് നീക്കം ചെയ്തു കൊള്ളാം.

അവിചാരിതമായി സംഭവിച്ച ഈ അനർത്ഥം നിമിത്തം ഉണ്ടായ എല്ലാ ബുദ്ധിമുട്ടുകളും മാന്യവായനക്കാർ മനസ്സിലാക്കും എന്നു പ്രതീക്ഷിക്കുന്നു. നിങ്ങൾ ഇക്കാര്യം അറിയുമ്പോൾ നിങ്ങളുടെ പരിചയത്തിലുള്ള, റിയൽ ലൈഫ് വോയ്സിന്റെ വായനക്കാരുമായി ഇക്കാര്യം ചർച്ച ചെയ്യുമല്ലോ. അവർക്ക് ഈ ലക്കം മുതൽ മാസിക കിട്ടുന്നില്ലെങ്കിൽ എത്രയും വേഗം അക്കാര്യം എന്നെ വാട്സാപിലൂടെ അറിയിക്കട്ടെ. ഞാൻ അപ്പോൾ അവരുടെ വിലാസം അഡ്രസ് ലിസ്റ്റിൽ ചേർക്കുന്നതാണ്.

**(എഡിറ്റർ)**

**മൊബൈൽഫോൺ, കമ്പ്യൂട്ടർ**

# സദുപയോഗവും ദുരുപയോഗവും

**പ്രൊഫ. ടി. ജോൺ മാത്യു**

**കോട്ടയം ബസേലിയസ് കോളേജിലും, തൃശ്ശൂർ എൽത്തുരുത്ത് സെന്റ്. അലോഷ്യസ് കോളേജിലും ഇംഗ്ലീഷ് അദ്ധ്യാപകനായിരുന്ന ലേഖകൻ, റിട്ടയർ ചെയ്തതിനുശേഷം, മണ്ണുത്തി ബൈബിൾ സ്റ്റഡി സെന്ററിന്റെ സാഹിത്യപ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്നു. അദ്ദേഹത്തിന്റെ ഏറ്റവും പുതിയ പുസ്തകത്തിൽ നിന്നുമാണ് ഈ ലേഖനങ്ങൾ കൊടുക്കുന്നത്. അദ്ദേഹത്തിന്റെ വാട്സാപ് നമ്പർ: 8590602450**

## ഒരു വ്യാജകാമുകനും മൂന്നു മരണങ്ങളും

2021 ജൂലൈ 4-ാം തീയതി തൃശ്ശൂരിൽ നിന്നു പ്രസിദ്ധീകരിച്ച *മലയാള മനോരമ* ദിനപ്പത്രത്തിന്റെ 8-ാം പേജിൽ കണ്ട വാർത്തയുടെ തലക്കെട്ട് ഇപ്രകാരമായിരുന്നു:

*ആ കാമുകൻ വ്യാജൻ:*
*ഫെയ്സ്ബുക്ക് ചാറ്റിനു പിന്നിൽ*
*ആറ്റിൽ മരിച്ച യുവതികൾ*

റിപ്പോർട്ടു ചെയ്യപ്പെട്ട വാർത്തയിൽ നിന്നും മനസ്സിലായത് കൊല്ലത്ത് ചാത്തന്നൂരിനടുത്ത് ഇത്തിക്കരയാറ്റിൽ ചാടി ആത്മഹത്യ ചെയ്ത മല്ലികയും (23) രാധാമണിയും (22) ഒരു നവജാതശിശുവിന്റെയും കൂടി മരണത്തിനും ആ ശിശുവിന്റെ മാതാവായ സാവിത്രിയുടെ അറസ്റ്റിനും കാരണക്കാരായിരിക്കുന്നു എന്നാണ്. (പത്രറിപ്പോർട്ടിലെ യഥാർത്ഥ പേരുകൾ വേറെയാണ്. അവ ഈ ലേഖനത്തിൽ വെളിപ്പെടുത്തുന്നില്ല)

വാർത്തയുടെ വിശദാംശങ്ങളായി പറഞ്ഞിരുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ ഇവയാണ്: 2021 ജനുവരി മാസത്തിൽ ഒരു ദിവസം കാലത്ത് ഒരു നവജാത ശിശു (ആൺകുഞ്ഞ്) ഉപേക്ഷിക്കപ്പെട്ട നിലയിൽ ഒരു കരിയിലക്കുഴിയിൽ കിടക്കുന്ന കാഴ്ച ആരോ കണ്ട് പോലീസിൽ വിവരമറിയിച്ചു. മിക്കവാറും മരിച്ചുപോയ അവസ്ഥയിലായിരുന്ന ആ ശിശുവിനെ പോലീസ് എത്തി ആശുപത്രിയിലെത്തിച്ചു എങ്കിലും ആ കുഞ്ഞ് മരിച്ചുപോയി.

കേസ്സെടുത്ത പോലീസ് സമീപവാസികളായ സ്ത്രീകളെ DNA പരിശോധനയ്ക്ക് വിധേയരാക്കി. ഈ പരിശോധനയിലൂടെ ആ ശിശുവിന്റെ മാതാവ് സാവിത്രി എന്ന വിവാഹിതയും ഒരു കുട്ടിയുടെ അമ്മയും ആയിരുന്ന സ്ത്രീയാണെന്നു പോലീസ് കണ്ടെത്തുകയും ചെയ്തു. പോലീസ്

അവരെ അറസ്റ്റു ചെയ്യുകയും ചെയ്തു. തുടർന്നു നടത്തിയ അന്വേഷണ ത്തിൽ തെളിഞ്ഞത്, സാവിത്രി ഫെയ്സ്ബുക്കിലൂടെ പരിചയപ്പെട്ട 'അനന്തു' എന്ന യുവാവുമായി പ്രണയത്തിലായിരുന്നു എന്നാണ്.

അയാളുമായി ഒന്നരവർഷത്തിലധികം മൊബൈൽഫോൺ ഉപയോഗിച്ച് ചാറ്റു ചെയ്തതിന്റെ ഫലമായി എങ്ങനെയെങ്കിലും അയാളോടൊത്ത് ജീവി ക്കണമെന്ന അതിയായ ആഗ്രഹം തോന്നി എന്നും ഇതിനിടയിൽ രണ്ടാ മതും ഗർഭിണിയായപ്പോൾ ആ കുഞ്ഞ് ജനിച്ചു കഴിഞ്ഞാൽ അത് കാമുക നോടൊപ്പം പോയി ജീവിക്കുന്നതിനു തടസ്സമാകുമെന്നും സാവിത്രി ചിന്തിച്ചു. അതിനാൽ ഗർഭിണി ആണെന്ന വിവരം ഭർത്താവിൽനിന്നും കുടുംബക്കാ രെല്ലാവരിൽ നിന്നും അവൾ മറച്ചുവച്ചു. വസ്ത്രധാരണരീതി വേണ്ടവിധം ക്രമീകരിച്ച് ഗർഭിണിയാണെന്ന സംശയം ആർക്കും തോന്നാതിരിക്കാനും ശ്രദ്ധിച്ചു.

ഒരു ദിവസം രാത്രി പ്രസവവേദന ഉണ്ടായപ്പോൾ വീടിനു വെളിയിലുള്ള ബാത്ത്റൂമിൽ പോയി പ്രസവിച്ച ശേഷം കുഞ്ഞിനെ എടുത്ത് അല്പം ദൂരെ യുണ്ടായിരുന്ന കരിയിലക്കുഴിയിൽ ഇട്ടു. ഈ വിവരങ്ങളും കാമുകനെ അന്വേ ഷിച്ച് വർക്കല, പരവൂർ ബീച്ചുകളിൽ എത്തുകയും മറ്റും ചെയ്തിട്ടുണ്ടെന്ന കാര്യവും എല്ലാം അറസ്റ്റിലായശേഷം സാവിത്രി പോലീസിനോടു വെളി പ്പെടുത്തി. ഇതിനെത്തുടർന്ന് കാമുകനെ കണ്ടെത്താൻ പോലീസ് പരിശ്രമം ആരംഭിച്ചു. ആ അന്വേഷണം സാവിത്രിയുടെ ഭർത്താവിന്റെ സഹോദരന്റെ ഭാര്യ മല്ലികയിലേക്കും ഭർത്താവിന്റെ സഹോദരിയുടെ മകൾ രാധാമണി യിലേക്കും എത്തിച്ചേർന്നു. പോലീസ് അവരെ ചോദ്യം ചെയ്യാൻ, സ്റ്റേഷനി ലേക്ക് വിളിച്ചതിനെത്തുടർന്ന് അവർ ഇരുവരും ആറ്റിൽ ചാടി മരിച്ചു.

അവർ രണ്ടുപേരും ചേർന്ന് അവരുടെ ഭാവനയിൽ 'അനന്തു' എന്ന പേരോടുകൂടിയ ഒരു വ്യാജ ഫെയ്സ്ബുക്ക് ID യും പ്രൊഫൈലും (profile) ഉണ്ടാക്കി വെറും തമാശയ്ക്കുവേണ്ടി സാവിത്രിയുമായി ചാറ്റിംഗ് തുടങ്ങി യതായിരുന്നു. ഈ ചാറ്റിംഗ് ഒരു പിഞ്ചുകുഞ്ഞിന്റെ മരണത്തിനും സാവി ത്രിയുടെ അറസ്റ്റിനും കാരണമായതു കൂടാതെ തങ്ങളെ പോലീസ് ചോദ്യം ചെയ്യാനും ഇടവരുത്തുന്നല്ലോ എന്ന മനോവിഷമം അവരെ ആത്മഹത്യ യിൽ കൊണ്ടെത്തിക്കുകയാണുണ്ടായത്.

**(തുടരും)**

**പ്രൊഫ. ടി. ജോൺമാത്യുവിന്റെ ഏറ്റവും പുതിയ ഈ പുസ്തകം തപാലിൽ ലഭിക്കുന്നതിന് 25 രൂപ T. JohnMathew, A/c. No. 921020002139526, IFSC : UTIB0004347 - Axis Bank, Paravattani എന്ന എക്കൗണ്ടിൽ അടച്ചശേഷം 8590602450 എന്ന WhatsApp-ൽ വിവരം അറിയിക്കുക**

# പുതിയനിയമത്തിലൂടെ (23) യാത്രചെയ്യുമ്പോൾ...

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

**മൂന്നാം ഭാഗം: മൃഗങ്ങൾ**

**8. ചെന്നായ്** (മത്തായി 7:15)

യാക്കോബ് തന്റെ പുത്രന്മാരെ വിളിച്ചിട്ട് അവരോടു ഇപ്രകാരം പറഞ്ഞു: "വരുവിൻ, ഭാവികാലത്ത് നിങ്ങൾക്ക് സംഭവിപ്പാനുള്ളത് ഞാൻ നിങ്ങളെ അറിയിക്കും" (ഉല്പത്തി 49:1). അങ്ങനെ തന്റെ ഓരോ മക്കളെയും കുറിച്ച് യാക്കോബ് സംസാരിച്ചു. അവരുടെ സ്വഭാവങ്ങളെ വർണ്ണിച്ചു. അക്കൂട്ടത്തിൽ ബെന്യാമീനെക്കുറിച്ച് പറയേണ്ട അവസരമായപ്പോൾ, യാക്കോബ് പറഞ്ഞത് ഇപ്രകാരമാണ്: "ബെന്യാമീൻ കടിച്ചുകീറുന്ന ചെന്നായി" (49:27). ചെന്നായ എന്ന മൃഗത്തിന്റെ പേര് വേദപുസ്തകത്തിൽ ആദ്യമായി പരാമർശിക്കപ്പെട്ടത് ഇവിടെയാണ്.

ക്രൂരതയുടെ പര്യായമാണ് ചെന്നായ്ക്കൾ. വൈകുന്നേരത്തെ ചെന്നായ്ക്കൾ അത്യന്തം ഉഗ്രന്മാരാണ് എന്ന് വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നു (ഹബക്കൂക് 1:8; സെഫന്യാവ് 3:3). പുതിയനിയമത്തിൽ ചെന്നായ എന്ന പദം അക്ഷരാർത്ഥത്തിലല്ല, ആലങ്കാരികമായാണ് ഉപയോഗിച്ചിരിക്കുന്നത്. ചെന്നായ എന്ന പദം വരുന്ന ആകെ അഞ്ചു വാക്യങ്ങളാണ് പുതിയനിയമത്തിലുള്ളത്. മത്തായി 7:15; 10:16; ലൂക്കൊസ് 10:3; യോഹന്നാൻ 10:12; അപ്പൊ.പ്രവൃ.20:29 എന്നിവയാണ് ആ അഞ്ചു വാക്യങ്ങൾ. അവ നമുക്ക് പരിശോധിക്കാം.

**1. കള്ളപ്രവാചകന്മാരാകുന്ന ചെന്നായ്ക്കൾ** (മത്തായി 7:15)

കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളണമെന്നും, അവരുടെ വേഷം കണ്ടാൽ ആടുകൾ ആണെന്നു തോന്നുമെങ്കിലും അകമേ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആണെന്നും മത്തായി 7:15 ൽ രേഖപ്പെടുത്തിയിരിക്കുന്നു. അവർ കർത്താവിനെ വിളിക്കുന്നവരും, കർത്താവിന്റെ നാമത്തിൽ പ്രവചനം നടത്തുന്നവരും, ഭൂതങ്ങളെ പുറത്താക്കുന്നവരും, വീര്യപ്രവൃത്തികൾ ചെയ്യുന്നവരും ആയിരിക്കാം. പക്ഷേ കർത്താവിന്റെ നോട്ടത്തിൽ ആ ചെയ്തതെല്ലാം അധർമ്മം ആണ്. "അധർമ്മം പ്രവർത്തിക്കുന്നവരേ

എന്നെ വിട്ടു പോകുവിൻ" എന്നാണ് കർത്താവ് അവരോടു പറയുന്നത് (മത്തായി 7:23)

രോഗശാന്തി, ഭൂതശാന്തി, പ്രവചനങ്ങൾ എന്നിങ്ങനെയുള്ള കാര്യങ്ങൾ കർത്താവിന്റെ നാമത്തിൽ വളരെയധികമായി ഇക്കാലങ്ങളിൽ നടക്കുന്നുണ്ട് എന്നാണ് പലരും അവകാശപ്പെടുന്നത്. പക്ഷേ അതിൽ പതിയിരിക്കുന്ന ഒരു അപകടം നാം കണ്ടില്ലെന്നു നടിക്കരുത്. കർത്താവിന്റെ ഭാഷയിൽ പറഞ്ഞാൽ, ഇപ്രകാരം പ്രവർത്തിക്കുന്നവരിൽ നല്ലൊരു പങ്ക് ആളുകളും അധർമ്മം പ്രവർത്തിക്കുന്നവരാണ്. അതുകൊണ്ട് ഇത്തരം അത്ഭുതപ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലല്ല നാം ഉപദേശസത്യങ്ങൾ മനസ്സിലാക്കേണ്ടത്. നാം ഉപദേശങ്ങൾ മെനയേണ്ടതും മനസ്സിലാക്കേണ്ടതും ബൈബിളിൽനിന്നുമുള്ള കൃത്യമായ വചനങ്ങളുടെ അടിസ്ഥാനത്തിലാകണം.

2. **സുവിശേഷവിരോധികളാകുന്ന ചെന്നായ്ക്കൾ** (മത്തായി 10:16)

നാം സുവിശേഷവുമായി സമൂഹത്തിൽ ഇറങ്ങിച്ചെല്ലുമ്പോൾ പലപ്പോഴും സുവിശേഷവിരോധികളായ ആളുകൾ നമുക്കെതിരെ വരുന്നത് കാണാം. അവർ നമ്മെ "ന്യായാധിപസഭകളിൽ ഏല്പിക്കുകയും ചമ്മട്ടികൊണ്ട് അടിക്കുകയും" ചെയ്യും. "ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു" എന്നാണ് കർത്താവ് പറഞ്ഞത് (10:16). സുവിശേഷവിരോധികളായ ആളുകൾ എത്രയോ വിശ്വാസികളോട് ചെന്നായ്ക്കളുടെ പോലെ ക്രൂരമായി പെരുമാറിയിരിക്കുന്നു!

സുവിശേഷത്തിനു തടസ്സം നിൽക്കുന്ന ഇത്തരം ആളുകളുടെ ഉപദ്രവം പേടിച്ച് സുവിശേഷം അറിയിക്കുക എന്ന കർത്തവ്യത്തിൽനിന്നും ആരും ഒളിച്ചോടേണ്ടതില്ല. ചെന്നായ്ക്കളുള്ള കാര്യം ഗൗരവത്തോടെ മനസ്സിലാക്കിത്തന്നെയാണ് സുവിശേഷം അറിയിക്കുവാൻ നാം ഇറങ്ങിപ്പുറപ്പെടേണ്ടത്. ഇക്കാര്യം ലൂക്കൊസ് 10:3 ലും കാണാം. "പോകുവിൻ; ചെന്നായ്ക്കളുടെ നടുവിൽ കുഞ്ഞാടുകളെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു." കഴിഞ്ഞ 2000 വർഷത്തിലധികമായി ചെന്നായ്ക്കളുടെ നടുവിൽ കുഞ്ഞാടുകൾ നടത്തുന്ന സുവിശേഷഘോഷണം വിജയകരമായി തുടരുകയാണ്. ഇതൊരു അത്ഭുതക്കാഴ്ച തന്നെയല്ലേ?

3. **പാതാളഗോപുരങ്ങളാകുന്ന ചെന്നായ്ക്കൾ** (യോഹ. 10:12)

കർത്താവ് ഇപ്രകാരം പറഞ്ഞു: "ഞാൻ നല്ല ഇടയൻ ആകുന്നു... ഇടയനും ആടുകളുടെ ഉടമസ്ഥനുമല്ലാത്ത കൂലിക്കാരൻ ചെന്നായ് വരു

ന്നത് കണ്ട് ആടുകളെ വിട്ട് ഓടിക്കളയുന്നു. ചെന്നായ് അവയെ പിടിക്കുകയും ചിന്നിച്ചുകളയുകയും ചെയ്യുന്നു" (യോഹന്നാൻ 10:12). യേശു എന്ന നല്ല ഇടയൻ തന്റെ ആടുകളെ തകർത്തു കളയാൻ ചെന്നായയെ അനുവദിക്കുകയില്ല എന്നാണ് ഇവിടത്തെ ആശയം.

ദൈവത്തിന്റെ സഭ ആട്ടിൻകൂട്ടമാണെന്നും (അപ്പൊ.പ്രവൃ. 20:28,29), കർത്താവ് ഇടയശ്രേഷ്ഠനാണെന്നും (1 പത്രൊസ് 5:4) നാം വചനത്തിൽ കാണുന്നുണ്ട്. അപ്പോൾ ചെന്നായ്ക്കളിൽനിന്നും കർത്താവ് സഭയെ സംരക്ഷിക്കും എന്ന ഉറപ്പാണ് ഇവിടെ നമുക്ക് ലഭിക്കുന്നത്. "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല" എന്നു കർത്താവ് പറഞ്ഞത് ഇവിടെ ഓർക്കാവുന്നതാണ് (മത്തായി 16:18). പാതാളഗോപുരങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പൈശാചികശക്തികളുടെ പ്രവർത്തനങ്ങളെയാണല്ലോ.

4. **ദുരുപദേശക്കാരാകുന്ന ചെന്നായ്ക്കൾ** (അപ്പൊ.പ്രവൃ. 20:29)

"ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ കൂട്ടത്തിൽ കടക്കും" എന്നും, "ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളവാനായി വിപരീതോപദേശം പുറപ്പെടുവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽനിന്നും എഴുന്നേൽക്കും" എന്നും അപ്പൊസ്തലനായ പൗലൊസ് പറഞ്ഞു (അപ്പൊ.പ്രവൃ. 20:29,30). ദുരുപദേശം പുറപ്പെടുവിക്കുന്നവരെ കൊടിയ ചെന്നായ്ക്കൾ എന്നു ഇവിടെ വിശേഷിപ്പിച്ചിരിക്കുന്നത് നാം പ്രത്യേകം ശ്രദ്ധിക്കുക.

അവർ പക്ഷേ കാഴ്ചയിൽ ആടുകളാണെന്നു തോന്നും. സഭയിലെ മറ്റു സഹോദരന്മാരെപ്പോലെത്തന്നെ അവരും കാണപ്പെടും. എന്നാൽ അവർ പഠിപ്പിക്കുന്നത് ദുരുപദേശമായിരിക്കും. അപ്പൊസ്തലന്മാർ പഠിപ്പിച്ച ഉപദേശമല്ലാത്തവയെല്ലാം വിപരീതോപദേശങ്ങളാണ്. അതുകൊണ്ട് നാം ഏതെങ്കിലും ഉപദേശങ്ങൾ പഠിക്കുമ്പോഴും പഠിപ്പിക്കുമ്പോഴും അതിനെ തെളിയിക്കുന്ന തിരുവെഴുത്തുകൾ ഇല്ലേ എന്നുറപ്പു വരുത്തണം. വ്യക്തമായ തിരുവെഴുത്തുകൾ തെളിവായി ഇല്ലെങ്കിൽ അത് ദുരുപദേശമാണ്. അതു പറയുന്നവർ ചെന്നായ്ക്കളുമാണ്!

നാം ആട്ടിൻകുട്ടികൾ ആയാൽ മതി. ചെന്നായ്ക്കൾ ആകേണ്ടതില്ല. അതോടൊപ്പം തന്നെ ആട്ടിൻകുട്ടികൾ ആയി അഭിനയിക്കുന്ന ചെന്നായ്ക്കളെ നാം തിരിച്ചറിയുകയും വേണം. ദൈവവചനത്തിൽ കാണാത്ത പഠിപ്പിക്കലുകൾ തള്ളിക്കളയാനുള്ള ആർജ്ജവം നാം കാണിക്കണം.

**(തുടരും)**

# യോവേൽ

## (പുസ്തകപഠനം)

27

**-എംവിഎസ്-**

**യോവേൽ 3:19**

**"യെഹൂദാദേശത്തുവച്ച് കുറ്റമില്ലാത്ത രക്തം ചൊരിഞ്ഞ് അവരോടു ചെയ്ത സാഹസം ഹേതുവായി മിസ്രയീം ശൂന്യമായിത്തീരുകയും എദോം നിർജ്ജനമരുഭൂമിയായി ഭവിക്കയും ചെയ്യും"**

ദൈവജനത്തിനു ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ചാണ് 3:16 മുതലുള്ള വാകൃങ്ങളിൽ കാണുന്നത്. ആ അനുഗ്രഹങ്ങളിൽ നാം മുൻലക്കങ്ങളിൽ ചിന്തിച്ചത് ഇവയാണ്:

(1) ദൈവം തന്റെ ജനത്തിനു ശരണവും ദുർഗ്ഗവും ആണ്(3:16)
(2) വിശുദ്ധജനമായിരിക്കും (3:17)
(3) സമൃദ്ധിയുണ്ടാകും (3:18)

**(4) ശത്രുക്കളിന്മേൽ വിജയം (3:19)**

ശത്രുതയോടെ പെരുമാറിപ്പോന്ന മിസ്രയീമും എദോമും ശൂന്യമായിത്തീരും. ദൈവജനത്തെ ഇല്ലാതാക്കാൻ നോക്കിയവരാണ് അവർ. ആ ഒറ്റക്കാരണത്താൽ അവർക്ക് വലിയ ശിക്ഷാവിധി ദൈവത്തിൽനിന്നും ഉണ്ടാകും. അവർ കൈവരിക്കുന്ന താത്കാലിക നേട്ടങ്ങളും വിജയങ്ങളും കണ്ട് നാം നിരാശരാകേണ്ടതില്ല. ഇരിക്കുന്ന കൊമ്പ് വെട്ടുന്നവൻ, അതിന്റെ ഓരോ കഷണം കൊണ്ട് നമ്മെ എറിയുന്ന പോലെ മാത്രമാണിത്. അവസാനം അയാൾ തല കുത്തി നമ്മുടെ മുമ്പിൽ തന്നെ വീഴും.

ദൈവജനത്തിന്റെ മേൽ ശത്രുക്കൾ നടത്തുന്ന മുന്നേറ്റം അല്പനേരത്തേക്കു മാത്രമാണ്. ലോകത്ത് പലയിടത്തും ഇന്ത്യയിൽ പോലും പലരും ദൈവജനത്തിനു നേരെ തിരിയുകയും അവരെ പല നിലയിൽ ഉപദ്രവിക്കുകയും ചെയ്തുപോരുന്നുണ്ട്. മതത്തിന്റെ പേരും പറഞ്ഞ് ദൈവജനത്തെ ഉപദ്രവിക്കുന്ന ഈ വിഭാഗങ്ങളെല്ലാം അല്പനേരത്തേക്കു മാത്രം ഷൈൻ ചെയ്യുന്ന വയലിലെ പൂ പോലെ മാത്രമേയുള്ളൂ. ദൈവജനത്തിന്റെ അയ്യം വിളി കേട്ട് അധികനേരം അടങ്ങിയിരിക്കുവാൻ നമ്മുടെ ദൈവത്തിനു കഴിയില്ല. ഉഗ്രക്രോധത്തോടെ ശത്രുക്കൾക്കു നേരെ ആഞ്ഞടിക്കുന്നവനാണ് നമ്മുടെ ദൈവം.

മിസ്രയീമും എദോമും നിസ്സാരക്കാരല്ല. അവർ പലരെയും ആക്രമിക്കുകയും വിജയിക്കുകയും ചെയ്തിട്ടുണ്ടായിരിക്കാം. പക്ഷേ ദൈവജനമായ യിസ്രായേലിനു നേരെ തിരിഞ്ഞത് അവരുടെ നാശത്തിനു കാരണമായി. അവർ കുറ്റമില്ലാത്ത രക്തം ചൊരിഞ്ഞു. അങ്ങനെ അവർ ശൂന്യമായിത്തീർന്നു. വേറെ ഏതെങ്കിലും രാജ്യമല്ല അവരുടെ അവസാനത്തിനു കാരണമായത്. അത് യിസ്രായേൽ ജനമായിരുന്നു.

ജർമ്മനിയുടെ ഹിറ്റ്ലറിന്റെ കാര്യം നോക്കുക. എവിടെയും വിജയിക്കുന്നവനായിരുന്നു ഹിറ്റലർ. ലോകം കണ്ട മികച്ച പ്രാസംഗികൻ ആയിരുന്നു ഹിറ്റ്ലർ. ജർമ്മനിയുടെ തെരുവോരങ്ങളിൽനിന്ന് ഇടി മുഴങ്ങുന്ന ശബ്ദത്തിൽ പ്രസംഗിച്ച് ജർമ്മനി എന്ന രാജ്യത്തെ മുഴുവൻ ഉള്ളംകയ്യിൽ ഒതുക്കിയ മഹാനായിരുന്നു ഹിറ്റ്ലർ. പക്ഷേ, ഹിറ്റ്ലർ യെഹൂദർക്ക് എതിരെ തിരിഞ്ഞു. അവരെ കൂട്ടക്കൊല ചെയ്തു. വിജയക്കൊടി പാറിച്ചു നടന്നിരുന്ന ഹിറ്റ്ലറിന്റെ പതനം പെട്ടെന്നായിരുന്നു. വീരനും ധീരനും ശൂരനും പോരാളിയും ആയിരുന്ന ഹിറ്റ്ലർ ആത്മഹത്യ ചെയ്തു!

ചരിത്രത്തിന്റെ താളുകളിൽനിന്നും ഒരു സംഭവം ചൂണ്ടിക്കാട്ടി എന്നേയുള്ളൂ. ദൈവമക്കൾ എന്ന പദവിയിൽ കഴിയുന്ന നമ്മുടെ നേരെ ചീറിപ്പാഞ്ഞു വരുന്ന ശത്രുവിന്റെ ഹുങ്കാരം കണ്ട് നാം ഒട്ടും ഭയക്കേണ്ടതില്ല. ദൈവം കൂടെയുള്ളവന് അതുകൊണ്ടുണ്ടാകുന്ന ധൈര്യം പ്രദർശിപ്പിക്കാൻ കിട്ടുന്ന സുവർണ്ണാവസരമാണ് അത്.

**യോവേൽ 3:20**

**“യെഹൂദെക്കോ സദാകാലത്തേക്കും യെരൂശലേമിനു തലമുറതലമുറയോളവും നിവാസികളുണ്ടാകും”**

**(5) സുരക്ഷിതമായ ഭാവി (3:20)**

ദൈവജനമായി നിലകൊള്ളുന്നവർക്ക് അവർ മരിച്ചുപോകുന്ന നേരത്ത് ശേഷിച്ചവരുടെയും അടുത്ത തലമുറകളുടെയും ഭാവിയോർത്ത് ആകുലപ്പെടേണ്ടതില്ല. സദാകാലത്തേക്കും സുരക്ഷിതമായ അവസ്ഥയാണ് അവർക്കുള്ളത്. ഇവിടത്തെ പല രാഷ്ട്രീയപാർട്ടികളുടെയും ഭാവി എന്താണ്? മുമ്പുണ്ടായിരുന്ന പല പാർട്ടികളും ഇന്നില്ല. ഇന്നുള്ള പലതും നാളെ കാണുകയുമില്ല. പല സംഘടനകളും പ്രസ്ഥാനങ്ങളും എല്ലാം ഇപ്രകാരം തന്നെയാണ്. സുരക്ഷിതമായ ഭാവിയില്ലാത്ത ഇത്തരം കാര്യങ്ങൾക്കുവേണ്ടി വിയർപ്പൊഴുക്കുന്നവർ ഇതെല്ലാം ഓർത്താൽ നന്ന്. പക്ഷേ ദൈവസഭയുടെ ഭാവി സുരക്ഷിതമാണ്. അനേകർ മുടിച്ചുകളയാൻ ശ്രമിച്ചിട്ടും ഇന്നും യിസ്രായേൽജനം ഈ ഭൂമിയിൽ ഉണ്ട്! അവരുടെ തലമുറകൾ തീർന്നുപോയില്ല.

**യോവേൽ 3:21**

**"ഞാൻ പോക്കീട്ടില്ലാത്ത അവരുടെ രക്തപാതകം ഞാൻ പോക്കും; യഹോവ സീയോനിൽ വസിച്ചുകൊണ്ടിരിക്കും"**

**(6) തെറ്റുകൾ ക്ഷമിക്കും (3:21)**

നമ്മുടെ തെറ്റുകൾ ക്ഷമിക്കുന്ന ദൈവമാണ് നമുക്കുള്ളത്. യിസ്രായേൽജനത്തെയാണ് ഈ വാക്യത്തിൽ ഉദ്ദേശിച്ചിരിക്കുന്നത്. അവരുടെ അസംഖ്യമായ പാപങ്ങളെ ക്ഷമിക്കുകയും അവരെ യഥാസ്ഥാനപ്പെടുത്തുകയും ചെയ്യാൻ ദൈവം തയ്യാറാണ്.

**(7) യഹോവ സീയോനിൽ വസിക്കും (3:21)**

യഹോവ സീയോനിൽ രാജാവായി വാഴും എന്നു നമുക്കു ഇതിനെ മനസ്സിലാക്കാം. അവരുടെ ഹൃദയങ്ങളിൽ പലപ്പോഴും ദൈവത്തിനു സ്ഥാനമില്ലായിരുന്നു. അതുകൊണ്ടുതന്നെ ദൈവം അവരുടെ ഇടയിൽ വസിക്കാത്ത അവസരങ്ങളുണ്ടായി. ഇനി അതു മാറും എന്നു പ്രവചിച്ചുകൊണ്ട് യോവേൽ തന്റെ പ്രവചനം അവസാനിപ്പിക്കുന്നു.

**(അവസാനിച്ചു)**


**വൈവാഹികം**

വിശ്വസിച്ച് സ്നാനമേറ്റ, ആത്മികതത്പരനായ ഒരു യുവാവ്. ബ്രദറൺ സഭാംഗം. ഡിഗ്രി കോഴ്സിന് അവസാന വർഷം പൂർത്തിയാക്കാനായില്ല. പാചകവാതക ഗോഡൗണിലെ ഡ്രൈവർ. സ്വന്തമായി വാഹനങ്ങൾ ഉണ്ട്. 31/170 cm. അനുയോജ്യരായ യുവതികളുടെ രക്ഷാകർത്താക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.

ഫോൺ: 9744 7059 35, 9656 1414 83

**വിശ്വാസവും സ്നാനവും**

**ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?**

**104 പേജുകളുള്ള പുസ്തകം**

**ആവശ്യപ്പെടുന്നവർക്ക് സൗജന്യമായി അയച്ചുകൊടുക്കുന്നു**

-എംവിഎസ്-

# 1 ഖുർആൻ:

## ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ

*(2012 ജൂൺമാസം മുതൽ തുടർച്ചയായി നാലു ലക്കങ്ങളിൽ റിയൽ ലൈഫ് വോയ്സിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ പുനഃപ്രസിദ്ധീ കരണമാണിത് - ചില വായനക്കാരുടെ അഭ്യർത്ഥനപ്രകാരമാണ് ഇത് ഇവിടെ വീണ്ടും പ്രസിദ്ധീകരിക്കുന്നത്)*

ഖുർആൻ അങ്ങേയറ്റം ശ്രേഷ്ഠമായ ഗ്രന്ഥമാണെന്നും അതുപോലെ മറ്റൊരു ഗ്രന്ഥം ഈ ഭൂമിലോകത്ത് വേറെയില്ലെന്നുമാണ് ചിലരുടെ അവ കാശവാദം. ലോകത്തിൽ ഇന്നോളമുള്ള എല്ലാ രചനകളും, ബൈബിൾ ഉൾപ്പെടെ, ഒന്നൊന്നായി നിരത്തിവച്ച് ഏറെ നേരം പരതിയാലും, ഖുർ ആനിന് തുല്യമായ ഒരു രചന വേറെ കാണാനൊക്കില്ല എന്ന അവകാശ വാദം യാതൊരു സങ്കോചവും കൂടാതെ ഇക്കൂട്ടർ ഉന്നയിക്കുന്നതു കാണു മ്പോൾ, കൂപമണ്ഡൂകങ്ങളുടെ കാര്യമാണ് ഓർമ്മ വരുന്നത്. കൂപമണ്ഡൂ കങ്ങൾക്ക് - അതായത്, കിണറ്റിലെ തവളകൾക്ക് - ഒരു അഹങ്കാരമുണ്ട്. കിണറാണ് വലുതെന്ന്! കിണറാണ് ലോകമെന്ന്! കിണറിനേക്കാൾ ആഴമുള്ളത് മറ്റൊന്നുമില്ലെന്ന്! കിണറിനപ്പുറം സുഖവും സന്തോഷവും സമാധാനവും ഇല്ലെന്ന്...!

ഇക്കഴിഞ്ഞ മാർച്ചുമാസത്തിൽ, ഒരു ദിവസം തൃശ്ശൂർ റെയിൽവേ സ്റ്റേഷൻ പരിസരത്ത് നിന്നുകൊണ്ട് ഞാനും കൂട്ടുസഹോദരന്മാരും സുവിശേഷം അടങ്ങിയ ലഘുലേഖകൾ വിതരണം ചെയ്യുകയായിരുന്നു. അതു വാങ്ങിയ ഒരു യുവാവ് തന്റെ ബാഗിൽനിന്നും രണ്ടു ചെറിയ പുസ്തകങ്ങൾ എനിക്കു എടുത്തുതന്നു. "വായിച്ചു നോക്കണം" എന്നു സ്നേഹത്തോടെ പറഞ്ഞു. എന്തു കിട്ടിയാലും ഞാൻ വായിക്കും. 'ഇതൊന്നും ഞാൻ വായിക്കേണ്ട കാര്യമില്ല' എന്ന ധാർഷ്ട്യമോ, 'ഞാൻ എല്ലാം പഠിച്ചുകഴിഞ്ഞു; ഇനിയൊന്നും എനിക്കു പഠിക്കാനുമില്ല, അറി യാനുമില്ല' എന്ന അഹന്തയോ എനിക്കില്ലാത്തതുകൊണ്ട്, ഞാൻ ആ പുസ്തകങ്ങൾ സൂക്ഷിച്ചു. അവ സശ്രദ്ധം വായിച്ചു.

"ഖുർആനിന്റെ പ്രാമാണികത" എന്നും, "നിങ്ങൾ ഈ ഗ്രന്ഥം വായി ച്ചുവോ?" എന്നും പേരുള്ള രണ്ടു പുസ്തകങ്ങളാണവ. രണ്ടും Niche of Truth, Vyttila, Cochin-19 പ്രസിദ്ധീകരിച്ചതാണ്. രണ്ടു പുസ്തകത്തിലും

ഖുർആൻ അതുല്യമാണെന്നുള്ള അവകാശവാദങ്ങളാണ്. ഇവരുടെ അവകാശവാദങ്ങൾ പരിശോധിച്ച്, അവയുടെ വാസ്തവികത എത്രത്തോളമെന്ന് പരിശോധിക്കുകയാണ് ഈ ലേഖനപരമ്പരയുടെ ലക്ഷ്യം.

## അവകാശവാദം ഒന്ന്

### സ്വയം ദൈവിക ഗ്രന്ഥമെന്ന് അവകാശപ്പെടുന്ന ഏക ഗ്രന്ഥമാണ് ഖുർആൻ

> "ഇന്ന് നിലനിൽക്കുന്ന ഗ്രന്ഥങ്ങളിൽ ഖുർആൻ മാത്രമാണ് സ്വയം ദൈവികഗ്രന്ഥമെന്നു അവകാശപ്പെടുന്നത്" (*നിങ്ങൾ ഈ ഗ്രന്ഥം വായിച്ചുവോ?*, പേജ് 5)

> "ദൈവികഗ്രന്ഥമെന്ന് അനുയായികൾ പരിചയപ്പെടുത്തുന്ന കുറെയധികം പുസ്തകങ്ങൾ ഇന്ന് നിലനിൽക്കുന്നുണ്ട്. ഈ ഗ്രന്ഥങ്ങളിലേതെങ്കിലുമൊന്ന് സ്വയം ദൈവികമെന്ന് അവകാശവാദം ഉന്നയിക്കുന്നുണ്ടോ...ഖുർആനല്ലാത്ത വേദഗ്രന്ഥങ്ങളിലൊന്നും തന്നെ അവ ദൈവം തമ്പുരാൻ അവതരിപ്പിച്ചതാണെന്ന അവകാശവാദം ഉൾക്കൊള്ളുന്നില്ല" (*ഖുർആനിന്റെ പ്രാമാണികത*, പേജ് 9)

## മറുപടി

'കല്ലുവെച്ച നുണ' യേക്കാൾ വലിയ നുണയാണ് ഇപ്പറഞ്ഞത്. ഖുർആൻ സ്വയം ദൈവികഗ്രന്ഥമെന്ന് അവകാശപ്പെടുന്നുണ്ട് എന്നതു ശരി തന്നെ. (ഖുർആൻ 26:191). എന്നാൽ ഖുർആൻ അല്ലാത്ത വേറൊരു ഗ്രന്ഥവും അങ്ങനെ അവകാശപ്പെട്ടിട്ടില്ലാ എന്നതാണ് തെറ്റായ അവകാശവാദം. ഖുർആനിനും 600-ലധികം വർഷങ്ങൾക്കുമുമ്പ് പൂർത്തിയാക്കപ്പെട്ട ബൈബിൾ ദൈവിക ഗ്രന്ഥമാണെന്നു സ്വയം അവകാശപ്പെടുന്നുണ്ട് എന്ന സത്യത്തെ ഉച്ചൈസ്തരം ഘോഷിക്കാൻ ഞാനാഗ്രഹിക്കുന്നു. തെളിവുകൾ ശ്രദ്ധിക്കുക:

- "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു" ("Thus saith the LORD") എന്നു 413 തവണ ബൈബിളിൽ പറഞ്ഞിട്ടുണ്ട്. ഒരു ഉദാഹരണം: യിരമ്യാവ് 22:1. (Jeremiah 22:1)
- "യഹോവയുടെ വായല്ലോ അരുളിച്ചെയ്തിരിക്കുന്നത്" ("for the mouth of the LORD hath spoken") എന്നു ബൈബിളിൽ പറഞ്ഞിട്ടുണ്ട്. ഉദാഹരണം: യെശയ്യാവ് 58:14. (Isaiah 58:14)
- "തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യഖ്യാനത്താൽ ഉളവാകുന്നതല്ല എന്നു ആദ്യം തന്നേ അറിഞ്ഞുകൊള്ളേണം. പ്രവ

-എംവിഎസ്-

## നാളത്തെ നേതാക്കൾ!

ഭാവിയിലെ നേതാക്കളായി ശോഭിക്കേണ്ട കുറച്ച് കുട്ടിരാഷ്ട്രീയക്കാർ അശ്ലീലവുമായി തൃശ്ശൂർ കേരളവർമ്മ കോളേജിൽ അഴിഞ്ഞാടി. നവാഗതരെ വരവേൽക്കാനായി അവർ ഒരുക്കിയത് അശ്ലീലവിരുന്ന്! അശ്ലീലപോസ്റ്റർ തയ്യാറാക്കി വച്ചു! "തുറിച്ചുനോക്കണ്ട... ഒന്നു ചിന്തിക്കൂ... ഞാനും നീയും എങ്ങനെ ഉണ്ടായി?" എന്നൊരു അടിക്കുറിപ്പും. ഈ അടിക്കുറിപ്പിനുള്ള മറുപടി കാലം അവരോടു പറയും.

പ്ലസ്റ്റു കഴിഞ്ഞു വരുന്ന കുട്ടികളെ വരവേൽക്കാനായി ഇത്രയും അധഃപതിച്ച നിലയിൽ പ്രവർത്തിച്ച ഇവരിൽനിന്നും ഉയർന്നു വരുന്ന ഭരണാധികാരികളിൽ നിന്നു നമുക്ക് എന്തു നന്മയാണ് ലഭിക്കുക?! ഇവരുടെ കൂടെ ഇവരുടെ അമ്മ, പെങ്ങൾ ഇവരൊക്കെ എങ്ങനെ കഴിയുന്നു എന്നു ഞാൻ ഓർത്തുപോയി. മാത്രമല്ല, ഇവരുടെ കൂടെ പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മറ്റു വിദ്യാർത്ഥിനികളുടെ അവസ്ഥയും ഞാൻ ചിന്തിച്ചുപോയി.

---

ചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ" (2പത്രൊസ് 1:20,21)

- "ഞാൻ അറിയിച്ച സുവിശേഷം മാനുഷികമല്ല എന്നു നിങ്ങളെ ഓർമ്മിപ്പിക്കുന്നു. അതു ഞാൻ മനുഷ്യരോട് പ്രാപിച്ചിട്ടില്ല, പഠിച്ചിട്ടുമില്ല..." ("But I certify you, brethren, that the gospel which was preached of me is not after man. For I neither received it of man, neither was I taught it, ....") ഗലാത്യർ 1:11,12 (Galatians 1:11,12)

ഖുർആനിനും നൂറ്റാണ്ടുകൾക്കുമുമ്പ് എഴുതി പൂർത്തിയാക്കപ്പെട്ട ബൈബിളിൽ, അത് ദൈവികഗ്രന്ഥമാണെന്ന അവകാശവാദങ്ങൾ ഉള്ളപ്പോൾ, അത് അറിയാതെയാണോ 'ഖുർആനിൽ മാത്രമേ ഇത്തരം അവകാശവാദങ്ങൾ ഉള്ളൂ' എന്നു ചിലർ വീരവാദം മുഴക്കുന്നത്?

**(തുടരും)**

ഏതായാലും വൻപ്രതിഷേധം ഉയർന്നതിനെത്തുടർന്ന് ആ പോസ്റ്ററുകൾ പിൻവലിച്ചു. ചോരയുടെ മണമുള്ള കുട്ടിരാഷ്ട്രീയക്കാർ അത് പിൻവലിക്കാൻ തയ്യാറായത് അതിശയമാണ്. അതിനു ഏതായാലും അവരെ അഭിനന്ദിക്കുന്നു. പൊതുസ്ഥലങ്ങളിൽ പലയിടത്തും വച്ചിട്ടുള്ള അശ്ലീലപ്രതിമകൾ പിൻവലിക്കാത്ത നാടാണത്. സ്ത്രീത്വത്തെയും സമൂഹത്തെയും അപമാനിച്ചുകൊണ്ടു അത്തരം പ്രതിമകൾ നിലകൊള്ളുന്നു. പക്ഷേ കേരളവർമ്മ കോളേജിലെ ആ പോസ്റ്റർ പിൻവലിക്കാൻ കുട്ടികൾ തയ്യാറായി.

നിരവധി ആളുകൾ കുടുംബങ്ങളായി എത്തുന്ന സ്ഥലമാണ് മലമ്പുഴ. അവിടെ വച്ചിരിക്കുന്ന അശ്ലീലപ്രതിമ മാറ്റാൻ അധികമാരും മുറവിളി കൂട്ടിക്കാണുന്നില്ല. ശില്പിയുടെ ചാതുര്യം അതിൽ കാണാം എന്നാണ് ചില 'പോസിറ്റീവ്ജാടക്കാർ' പറയുന്നത്. തുണിയുടുത്ത ശില്പമായാലും ശില്പിക്ക് തന്റെ ചാതുര്യം പ്രകടിപ്പിക്കാൻ അവസരമുണ്ട് എന്ന സത്യം ഇക്കൂട്ടർ മനസ്സോടെ മറന്നു കളയുന്നു. ശില്പിയുടെ ചാതുര്യം മാത്രമല്ല ശില്പിയുടെ മനസ്സിന്റെ ചാപല്യം കൂടിയാണ് ആ നഗ്നശില്പം വിളിച്ചറിയിക്കുന്നത്. ശില്പിയുടെ 'നിരീക്ഷണപാടവം' അപാരം തന്നെ!

അത്തരം ശില്പങ്ങൾ പൊതുസ്ഥലങ്ങളിൽ ഇരിക്കുന്നിടത്തോളം കാലം കേരളവർമ്മ കോളേജിലെ കുട്ടികൾ ചെയ്തതിൽ യാതൊരു തെറ്റുമില്ല എന്നു പറയേണ്ടിവരും. കേരളവർമ്മയിലെ കുട്ടികൾ വച്ച പോസ്റ്ററിൽ സ്വകാര്യഭാഗങ്ങളൊന്നും കാണിച്ചിരുന്നില്ല. പക്ഷേ വിഖ്യാതമായ 'മലമ്പുഴയിലെ യക്ഷി' നൂൽമറ പോലുമില്ലാതെയാണ് അവിടെ കാലും വിടർത്തിവച്ച് ഇരിക്കുന്നത്. നൂറു കണക്കിനാളുകൾ വന്നുകൂടുന്ന സ്ഥലത്താണ് ഇത് വച്ചിരിക്കുന്നത് എന്നോർക്കണം. ഫെമിനിസ്റ്റുകൾ പോലും രംഗത്തില്ല!

ആ ശില്പത്തിൽ അശ്ലീലം കാണുന്നത് എന്റെ മനസ്സിന്റെ വൈകൃതം നിമിത്തമാണെന്നു വ്യാഖ്യാനിക്കുന്ന ചില ബുദ്ധിജീവികൾ കണ്ടേക്കാം. അശ്ലീലം എല്ലായ്പോഴും അശ്ലീലം തന്നെയാണ്. അഴുക്ക് എല്ലായ്പോഴും അഴുക്ക് തന്നെയാണ്. അമേധ്യത്തിന്റെ മുകളിൽ അല്പം വെള്ള പെയിന്റ് ഒഴിച്ചതുകൊണ്ട് അത് അമേധ്യമല്ലാതായിത്തീരുന്നില്ല. തെറ്റിനെ തെറ്റ് എന്നു വിളിച്ചുപറയാനുള്ള ആർജ്ജവം പോലും ഇത്തരം ബുദ്ധിജീവികൾക്ക് ഇല്ലാതായിപ്പോയല്ലോ എന്നോർക്കുമ്പോൾ കഷ്ടം തോന്നുന്നു.

മലമ്പുഴയിലെ യക്ഷി അവിടെ ഉള്ളിടത്തോളം കാലം കേരളവർമ്മയിലെ കുട്ടികൾ വച്ച പോസ്റ്ററിനെ കുറ്റം പറയാനാവില്ല. മലമ്പുഴയിൽ ആകാമെങ്കിൽ കേരളവർമ്മയിലും ആകാമല്ലോ. മലമ്പുഴയിലെ യക്ഷിയെ ന്യായീകരിക്കുന്ന കപടജീവികൾക്ക് കേരളവർമ്മയിലെ പോസ്റ്ററിനെതിരെ പ്രതിഷേധിക്കാൻ എന്തു അർഹതയാണുള്ളത്? പക്ഷേ എനിക്കു കേരളവർമ്മയിലെ അശ്ലീല പോസ്റ്ററിനെ വിമർശിക്കാൻ അർഹതയുണ്ട്. കാരണം ഞാൻ മലമ്പുഴയിലെ അശ്ലീലപ്രതിമയെയും എതിർക്കുന്നു. ❍

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th November 2021

Posted at
Thrissur RMS

**ആനുകാലികം**

## വിസർജ്യ ചികിത്സ!

മദ്യം മോന്തി മോന്തി കരൾ അടിച്ചുപോയ കുടിയന്മാർക്ക് ഇതാ ഒരു സന്തോഷവാർത്ത! ആരോഗ്യമുള്ള വ്യക്തികളിൽനിന്നും മലം ശേഖരിച്ച്, അതുപയോഗിച്ചുകൊണ്ടുള്ള ചികിത്സയാണ്. നിങ്ങളുടെ സ്വന്തം മലം കൊള്ളില്ല. കാരണം നിത്യകുടിയന്മാരായ നിങ്ങൾ ആരോഗ്യപ്രശ്നങ്ങൾ ഉള്ളവരാണല്ലോ. അതുകൊണ്ട് അങ്ങനെയല്ലാത്തവരുടെ മലം വേണം ശേഖരിക്കാൻ.

ആ മലം ഉപ്പുവെള്ളത്തിൽ കലർത്തി 2 തവണ ഫിൽറ്റർ ചെയ്ത ശേഷം ട്യൂബ് വഴി രോഗിയുടെ ചെറുകുടലിലേക്കു നൽകുകയാണ് ചെയ്യുന്നത്. ഇതിനെ സ്റ്റൂൾ ട്രാൻസ്പ്ലാന്റ് എന്നു വിളിക്കും. കുടിയന്റെ മദ്യാസക്തി കുറയുമെന്നും കരൾവീക്കം വന്ന ആ കുടിയൻ കൂടുതൽ കാലം ജീവിക്കുമെന്നും പഠനങ്ങൾ തെളിയിച്ചിട്ടുണ്ടത്രേ.

പക്ഷേ ചികിത്സയ്ക്ക് ഏകദേശം 30000 രൂപ വരും. ഇത് ചികിത്സയ്ക്ക് മാത്രം വരുന്ന ചെലവാണ്. സ്വന്തം മലത്തിന് ഓരോരുത്തരും എത്ര രൂപ വരെ വില പറയും എന്നറിഞ്ഞുകൂടാ. നല്ല ആരോഗ്യമുള്ള വ്യക്തിയുടെ വേണമല്ലോ. സ്വന്തം 'ഉത്പന്നത്തിന്' വില നിശ്ചയിക്കുന്നത് അവനവൻ തന്നെയാണല്ലോ. (2021 ഒക്ടോബർ 24ലെ പത്രവാർത്ത)

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V.